# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4243 03.02.2014 -ൽ മറുപടിയ്ക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷനും നിയമനവും**

ചോദ്യം

**ശ്രീ.വി.ശശി**

ഉത്തരം

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കുവാൻ കഴിയാത്തവർക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ നിലവിലുള്ള നിയമപ്രകാരം 3 വർഷത്തിലൊരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്ക് പുതുക്കേണ്ട മാസവും, തൊട്ടടുത്ത രണ്ട് മാസവും ഗ്രേസ് പിരീഡ് ആയി അനുവദിക്കാറുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് 1 വർഷകാലയളവ് ഗ്രേസ് പിരീഡ് അനുവദിച്ചു വരുന്നു. യഥാസമയം പുതുക്കാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് രേഖാമൂലം അറിയിപ്പുനൽകി പുതുക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർ അനുമതി നൽകി വരുന്നുണ്ട്. കൂടാതെ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക്, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കുവാൻ അനുമതി നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര നിയമനം നടത്തിയെന്നും അത് ഏതെല്ലാം തസ്തികയിലാണെന്നും ഇതിൽ സ്ഥിരം നിയമനം എത്രപേർക്ക് ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 2013 ഡിസംബർ മാസം വരെ 27156 പേർക്ക് നിയമനം നൽകി. അതിൽ 4677 പേർക്ക് സ്ഥിരനിയമനം നൽകി. ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയും സ്ഥിര തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തി രിക്കുന്നു. |
| (സി) | സ്ഥിര നിയമനം ലഭിച്ച തസ്തികകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്